## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3185 — 28.01.2014-ലെ മറുപടിക്ക്

### നേരേക്കടവ്-മാക്കേക്കടവ് പാലം നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.എം.ആരിഫ് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | നേരേക്കടവ്-മാക്കേക്കടവ് പാലത്തിന്റെ ഭരണാനുമതി യുടെ കാലാവധി എന്നുവ രെയാണ്; | (എ) | പാലത്തിന്റെ ഭരണാനുമതിയുടെ കാലാവധി 15.02.2014 വരെയാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ എ. എസ്സിൽ നിന്നും ഏതെ ങ്കിലും തരത്തിലുള്ള പ്രവൃത്തികൾക്ക് ചെലവ് എഴുതി ബില്ല് സർക്കാരി ലേക്ക് സമർപ്പിച്ചിട്ടുണ്ടോ; അങ്ങനെ സമർപ്പിച്ചിട്ടുണ്ടെ ങ്കിൽ പ്രസ്തുത പ്രവർത്തി യുടെ എ.എസ്. കാലാവധി തീരുന്നമുറയ്ക്ക് റദ്ദാ ക്കുമോ; | (ബി) | ഇല്ല. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന-തിനുള്ള പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണാനുമതി റദ്ദാക്കുന്ന സാഹചര്യം ഉദിക്കുന്നില്ല. |
| (സി) | പ്രസ്തുത പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; | (സി) | ഡിസൈൻ തയ്യാറാക്കിയത് എസ്റ്റീം ഡെവലപ്പേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയത് പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരാണ്. |
| (ഡി) | ഈ പാലത്തിന്റെ റ്റി.എസ്. നടപടികൾ പൂർത്തിയാക്കി യിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ടി.എസ്. നടപടി പൂർത്തിയായിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ റ്റി.എസ് പൂർത്തി യാക്കി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യുവാൻ സാധിക്കും എന്ന് വ്യക്തമാ ക്കുമോ; | (ഇ) | ടി.എസ്. നടപടികൾ ഉടനെ പൂർത്തിയാ-യാലും ആവശ്യമായ ഭൂമി ലഭ്യമാകാതെ പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ സാധിക്കുകയില്ല . |

| | | | |
|---|---|---|---|
| (എഫ്) | ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് 2013 നവംബർ 1-ന് തറക്കല്ലിടുമെന്ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോ; തറക്കല്ലിടുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ? | (എഫ്) | ഇല്ല. |

**സെക്ഷൻ ഓഫീസർ**